പീറ്റ് കോക്ക് വൈദ്യുതി നിലയം

11 (357) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീറ്റ് കോക്കിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊച്ചിയിലെ ബി.പി.സി.എൽ. റിഫൈനറിയുടെ വികസന പദ്ധതികളുടെ ഭാഗമായി ലഭ്യമാകുന്ന ഉപോൽപ്പന്നമായ പെറ്റ്കോക്ക് എന്ന ഇന്ധനം ഉപയോഗപ്പെടുത്തി ഉദ്ദേശം 500 മെഗാവാട്ട് ശേഷിയുള്ള ഒരു താപ വൈദ്യുത നിലയം സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.-ഉം സംസ്ഥാന സർക്കാരും ലക്ഷ്യമിടുന്നു.

(സി) പദ്ധതി സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കൊച്ചിൻ റിഫൈനറിക്കു സമീപം FACT-ന്റെ കൈവശമുള്ള ഏകദേശം 150 ഏക്കർ സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിക്കായി കൈമാറുന്ന കാര്യം FACT-യുമായും കേന്ദ്ര സർക്കാരുമായും ചർച്ച ചെയ്തുവരികയാണ്. പദ്ധതി, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള DBFOT മാനദണ്ഡങ്ങൾക്കനുസരിച്ച് ടെണ്ടർ ചെയ്തു നടപ്പാക്കാനാണുദ്ദേശിക്കുന്നത്. എന്നാൽ, പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് INKEL താൽപ്പര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ DBFOT ടെണ്ടർ വിളിക്കുന്നതിന് മുമ്പ് 'Swiss Challenge' മോഡൽ പ്രകാരം ഒരു പ്രാഥമിക ഓഫർ നൽകുന്നതിന് INKEL -ന് അവസരം നൽകാൻ തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥലം വിട്ടുകിട്ടുന്നതിന് FACT-യുമായി ചർച്ച നടത്താൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം നടത്തുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ വിളിക്കുന്നതിന് മുന്നോടിയായി INKEL അവരുടെ പ്രാഥമിക ഓഫർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വീട്ടുനമ്പർ ലഭിക്കാത്ത ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ

12 (358) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീട്ട് നമ്പർ ലഭിക്കാത്ത ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

വീട്ടുനമ്പർ ലഭിക്കാത്ത അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഹാജരാക്കേണ്ട മറ്റു രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2-7-2014-ലെ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

13 (359) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര യുക നാളിതുവരെ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത യുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വകുപ്പ് തലത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly